**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1123** **30-06-2022 - ൽ മറുപടിയ്ക്ക്**

**ഫോർമാലിൻ ചേർത്ത മത്സ്യവിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യാപകമായ തോതിൽ ഫോർമാലിൻ ചേർത്ത മത്സ്യം വിതരണം ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് വില്പനയ്ക്കെത്തുന്ന മത്സ്യങ്ങളിൽ വ്യാപകമായി മായം ചേർക്കുന്നതായുള്ള വാർത്തകളുടെയും പൊതുജനങ്ങളിൽ നിന്നും ലഭ്യമായ പരാതികളുടെയും അടിസ്ഥാനത്തിൽ മത്സ്യങ്ങളിലെ മായം കണ്ടെത്തുന്ന തിനായി 'ഓപ്പറേഷൻ മത്സ്യ' എന്ന ഒരു പദ്ധതിയ്ക്ക് രൂപ നൽകുകയും 2022 ഏപ്രിൽ 18 –ന് രാത്രി മുതൽ സംസ്ഥാന വ്യാപകമായി അന്യ സംസ്ഥാനങ്ങളിൽ നിന്നും ചെക്ക് പോസ്റ്റുകൾ വഴി സംസ്ഥാനത്തേക്ക് എത്തുന്നതുൾപ്പെടെ യുള്ള മത്സ്യം പരിശോധിക്കുന്നതിന് ശക്തമായ ക്രമീകരണങ്ങൾ ഭക്ഷ്യസുരക്ഷ വകുപ്പിന്റെ നേതൃത്വത്തിൽ ഫിഷറീസ് വകുപ്പ് ഒരുക്കിയിരുന്നു. ഇതിന്റെ ഭാഗമായി 22/06/2022 വരെ 5549 പരിശോധനകൾ നടത്തി 2797 സർവ്വയിലൻസ് സാമ്പിളുകൾ ശേഖരിക്കുകയും 131 വ്യക്തികൾ/ സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകിയിട്ടുമുണ്ട്. 17283 കിലോഗ്രാം കേടായ മത്സ്യം പിടികൂടി നശിപ്പിച്ചിട്ടുണ്ട്. |
| (ബി) | ഫോർമാലിൻ കലർന്ന മത്സ്യം നിരോധിക്കാനും വിതരണം ചെയ്യുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാനും വകുപ്പ് തലത്തിൽ എന്തെല്ലാം നടപടികൾ ഉണ്ടാകുമെന്ന് അറിയിക്കുമോ? | (ബി) | ഭക്ഷ്യസുരക്ഷാ വകുപ്പും ഫിഷറീസ് വകുപ്പും ചേർന്ന് സംയുക്തമായി രൂപീകരിച്ച ടാസ്ക് ഫോഴ്സ് ജില്ലകൾതോറും പരിശോധന നടത്തുന്നുണ്ട്. ഫോർമാലിൻ കലർന്ന മത്സ്യം/ഭക്ഷ്യ യോഗ്യമല്ലാത്ത മത്സ്യം കണ്ടെത്തുകയാണെങ്കിൽ അവ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 സെക്ഷൻ 38 (4) പ്രകാരം ഭക്ഷ്യ സുരക്ഷാ ഓഫീസർക്ക് നശിപ്പിക്കാവുന്നതാണ്. ഇത് കൂടാതെ ലബോറട്ടറി പരിശോധനയുടെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ പ്രോസിക്യൂഷൻ/ അഡ്ജ്യൂഡിക്കേഷൻ നടപടിയും സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് 2021 പ്രകാരം മത്സ്യത്തിന്റെ ഗുണനിലവാരം നിശ്ചയിക്കുന്നതിനും ആയത് ഉറപ്പാക്കുന്നതിനുമുള്ള പരിശോധനകളും, കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ആയത് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ